"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന വയോജന കമ്മീഷന്റെ ചെയർപേഴ്സന് ഔദ്യോഗിക വാഹനം ലഭ്യമാകുന്നത് വരെ അദ്ദേഹത്തിന്റെ സ്വന്തം വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.71/2026/SJD തീയതി,തിരുവനന്തപുരം, 08-03-2026

---

പരാമർശം:- 1. 19.04.2025 തീയതിയിലെ GO(P)No.54/2025/Fin നമ്പർ ഉത്തരവ്.

2. കേരള സംസ്ഥാന വയോജന കമ്മീഷൻ സെക്രട്ടറിയുടെ 25/11/2025 തീയതിയിലെ 2/2025/KSEC നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വയോജന കമ്മീഷൻ ചെയർപേഴ്സന് ഔദ്യോഗിക വാഹനം ലഭ്യമാകുന്നത് വരെ അദ്ദേഹത്തിന്റെ സ്വന്തം വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതിയും ഡ്രൈവർ (ദിവസ വേതനം), ഇന്ധനചെലവ് എന്നിവയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം കേരള സംസ്ഥാന വയോജന കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വയോജന കമ്മീഷൻ ചെയർപേഴ്സന് ഔദ്യോഗിക വാഹനം ലഭ്യമാകുന്നത് വരെയും ഡ്രൈവർ തസ്തിക അനുവദിച്ചു ലഭിക്കുന്നത് വരെയും വാഹനം സംബന്ധിച്ച മറ്റൊരു ചെലവുകളും സർക്കാർ വഹിക്കുന്നതല്ല എന്ന ഉപാധിയിൽ സ്വന്തം വാഹനം ഓദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുന്നതിനും ദിവസവേതന/കരാർ നിയമനവുമായി ബന്ധപ്പെട്ട പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെയും അതിൽ പരാമർശിച്ചിരിക്കുന്ന മറ്റ് ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഡ്രൈവറുടെ ശമ്പളവും ഇന്ധനച്ചെലവും ചേർത്ത് പ്രതിമാസം 35,000/- രൂപ നടപ്പ് വർഷത്തെ 2235-02-104-82(P) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതും അടുത്ത സാമ്പത്തിക വർഷം മുതൽ 2235-02-104-71 (N) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1) സാമൂഹ്യനീതി ഡയറക്ടർ
2) ചെയർപേഴ്സൺ, വയോജന കമ്മീഷൻ
3) പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ എ&ഇ /ആഡിറ്റ് , കേരള, തിരുവനന്തപുരം
4) ധനകാര്യവകുപ്പ് ( 1.3.2026 ലെ 3386719/ww-ww2/6/2026-Fin പ്രകാരം )
5) വെബ്& ന്യൂ മീഡിയ
6) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Lathika K
സെക്ഷൻ ഓഫീസർ
Date: 09-03-2026 11:21:11